

## വാർത്തകളും കുറിപ്പുകളും

**1. ദേവാലയ ആരാധനകളുടെ പുനഃക്രമീകരണം**

ജൂലായ് മാസത്തിലെ ഞായറാഴ്ചകളിൽ 8 മണിക്കു ക്രൈസ്റ്റ് ചർച്ചിലും 21 മുതൽ എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 5 മണിക്കും ഒരേ സമയം സീയോൻ ഹാളിലും ക്രൈസ്റ്റ് ചർച്ചിലും മലയാളം വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ നടത്തി. ആദ്യം പരമാവധി 15/20 പേർക്കും പിന്നീട് 40 പേർക്കും ആലയത്തിൽ പ്രവേശനം അനുവദിക്കപ്പെട്ടപ്പോൾ നിയന്ത്രണങ്ങളോട് പൂർണ്ണമായും സഹ കരിച്ച എല്ലാ സഭാ ജനങ്ങളോടും ദൈവനാമത്തിൽ നന്ദി അർപ്പി ക്കുന്നു. കോവിഡ് സാഹചര്യത്തിൽ നിർത്തി വെക്കേണ്ടിവന്ന എല്ലാ ആരാധനകളും ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു എന്നു അറിയിക്കു ന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

**2. അൽമായ ഞായർ**

ആഗ്സ്റ്റ് 1, അൽമായ ഞായർ ആയി വളരെ അനുഗ്രഹീതം ആയി ആചരിക്കാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. ആരാധനയുടെ വിവിധ ഭാഗങ്ങളിൽ സഹകരിച്ച എല്ലാ അൽമാ യർക്കും നേതൃത്വം നല്കിയ അൽമായ സംഘടനാ ഭാരവാഹി കൾക്കും സഭയുടെ പേരിൽ അകമഴിഞ്ഞ നന്ദി പറയുന്നു.

**3. കവടിയാർ - കുറവൻകോണം ഏരിയയിൽ നേതൃമാറ്റം**

കവടിയാർ- കുറവൻകോണം ഏരിയാ പ്രാർത്ഥനാ ഗ്രൂപ്പിൽ ദീർഘകാലം കൺവീനർ ആയി സേവനം അനുഷ്ഠിച്ച ശ്രീ. സി. സി. ചെറിയാൻ കുഞ്ഞ് വ്യക്തിപരം ആയ കാരണങ്ങളാൽ സ്ഥാനം ഒഴിഞ്ഞു.

അദ്ദേഹത്തിന്റെ സ്തുത്യർഹം ആയ സേവനങ്ങളെയും അർപ്പണ ബോധത്തോടെ ഉള്ള പ്രവർത്തനങ്ങളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും സഭയുടെ നന്ദി അറിയിക്കുകയും ചെയ്യുന്നു. പുതുതായി ചുമതല ഏറ്റ കൺവീനർ ശ്രീമതി സൂസൻ തോമസിനെയും ജോയിന്റ് കൺവീനർ ശ്രീ. വിനോദ് തോമസി

നെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുകയും സഭയുടെ അനുമോദനം അറിയിക്കുകയും ചെയ്യുന്നു.

**4. സാങ്കേതിക സഹായത്തിന് നന്ദി**

ആരാധനകൾ തൽസമയം യൂട്യൂബിലൂടെ സംപ്രേക്ഷണം ചെയ്യുന്നത് ദേവാലയത്തിലെ സി സി ടി വി യിൽ ദൃശ്യം കിട്ടുന്നില്ലായിരുന്നു. ഇതു ആലയത്തിലെ എല്ലാ ടി വി കളിലും ദൃശ്യം ആക്കുന്നതിന് വേണ്ടി HDMI Splitter (1x8) എന്ന ഉപകരണം USA യിൽ നിന്നു വാങ്ങി സഭയ്ക്ക് സ്പോൺസർ ചെയ്ത അഡ്വ. റേയ്സ് ജോൺ കോശിയെയും അത് ഇവിടെ എത്തിച്ചു തന്ന ശ്രീ. മോഹൻജി ചിറമണ്ണിലിനെയും (കേശവദാസപുരം ഏരിയായിലെ ശ്രീമതി റീനാ കുര്യന്റെ സഹോദരൻ) സഭയുടെ പേരിൽ അകമഴിഞ്ഞ നന്ദി അറിയിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

**5. 2020, 2021 ലെ പ്രൊഫിഷ്യൻസി സമ്മാനങ്ങൾ**

കഴിഞ്ഞ വർഷം നല്കാൻ കഴിയാഞ്ഞതും, ഈ വർഷത്തെയും പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ നിന്നു 2019-20 -ലും 2020-21 -ലും പുറത്തിറങ്ങിയ രണ്ടു ബാച്ചുകളിലെ, നമ്മുടെ സഭയിലെ മികച്ച വിദ്യാർത്ഥികൾക്കു പ്രൊഫിഷ്യൻസി സമ്മാനം (സ്റ്റേറ്റ്, സി ബി എസ്. ഇ., ഐ. സി. എസ്. ഇ./ ഐ. എസ്. ഇ. സിലബസുകൾക്ക് പ്രത്യേകം സമ്മാനങ്ങൾ)നല്കുന്നതിനു അപേക്ഷ ക്ഷണിക്കുന്നു. പഠനത്തിലെ മികവിനോടൊപ്പം സൺഡേസ്കൂൾ/ പങ്കാളിത്തത്തിന്റെയും കൂടെ അടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ രണ്ടു പേർക്ക് വീതം കാഷ് അവാർഡും പുരസ്കാരവും നല്കുന്നതിനു ആഗ്രഹിക്കുന്നു. അപേക്ഷ നല്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണമെന്ന് പ്രത്യേകം ഓർപ്പിക്കട്ടെ. (പേജ് 10 കാണുക)

**6. കോവിഡ് - പ്രകൃതി ദുരന്ത സഹായങ്ങൾക്ക് നന്ദി**

ഈ ഫണ്ടിലേക്ക് ഉദാരം ആയി ദാനം ചെയ്ത എല്ലാവരോടും ദൈവനാമത്തിൽ നന്ദി പറയുന്നു. കമ്മിറ്റി തീരുമാനപ്രകാരം സഹായങ്ങൾ ആവശ്യാനുസരണം എത്തിച്ചു കൊണ്ടിരിക്കുന്നു എന്നു അറിയിക്കട്ടെ. ആവശ്യങ്ങൾ പല ഭാഗത്ത് നിന്നു വരുന്നത് കൊണ്ട് തുടർന്നും സംഭാവനകൾ സ്വീകരിക്കുന്നതാണ് എന്നു ഓർപ്പിക്കുന്നു.

**7. സർക്കാർ നിബന്ധനകൾ കർശനം ആയി പാലിക്കണമെന്ന് അപേക്ഷ**

ആരാധനകളെയും, വിവാഹം, സംസ്കാരം എന്നിവയെയും സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുതുക്കി അറിയിക്കുന്ന എല്ലാ നിബന്ധനകളും കർശനം ആയി അനുസരിക്കാൻ നാം ബാധ്യസ്ഥർ ആണ് എന്നു ഓർപ്പിക്കട്ടെ. ഓരോ മാസത്തെയും ആരാധനകളുടെ സമയക്രമ പട്ടിക പ്രസിദ്ധീകരിക്കുന്നത് അനുസരിച്ചു ഒരു സ്വയം തയ്യാർ ആക്കിയ റൊട്ടേഷൻ ക്രമം പാലിച്ച് ഓരോ ആരാധനയിലും ദേവാലയത്തിൽ ഒരു സമയം പരമാവധി 40 പേർ എന്ന പരിധി കവിയാതെ, കരുതലോടും പ്രാർത്ഥനയോടും സഹകരിക്കണമെന്ന് ഒരിക്കൽകൂടി ഓർപ്പിക്കുന്നു.

പ്രാർത്ഥനകളോടെ,

**തോമസ് ബിജു മാത്യു**
ചർച്ച് സെക്രട്ടറി

---

## *Proficiency Prize for the year 2020 and 2021 pass out batches*

Applications are invited for Proficiency prizes from our students in the 2020 and 2021 pass out batches, who excelled in Class 10 and Class 12 examinations in the three streams of Kerala, viz Kerala State, CBSE and ICSE/ ISE examinations. Application forms will be provided in our WhatsApp groups of the Church, which should be filled up (handwritten or typed) and sent to the Vicar at office@csichristchurch.org, along with a photocopy (self attested) of the mark list. Activities in the Sunday school will also be a criteria to select the winners, in addition to the marks obtained. A Cash prize and Certificate of Proficiency will be awarded for the first as well as runner up, later.